**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2873

13.03.2020 ൽ മറുപടിയ്ക്ക്

**കാലാവസ്ഥാ പ്രതികരണ ഭവന രൂപകല്പന പ്രചാരണ പരിപാടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. എം.ഉമ്മർ<br>ശ്രീ. കെ.എൻ.എ ഖാദർ | | ശ്രീ. ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാലാവസ്ഥാ പ്രതികരണ ഭവന രൂപകല്പന പ്രചാരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | 2019-2020 സാമ്പത്തിക വർഷം ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം "കേരള കാലാവസ്ഥാ പ്രചരണ രൂപകല്പന പരിപാടി" വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ ഈ വർഷം തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിന് "കേരള കാലാവസ്ഥാ പ്രചരണ രൂപകല്പന പരിപാടി" സംഘടിപ്പിക്കുന്നതിന് 2019-20 സാമ്പത്തിക വർഷം 40 ലക്ഷം രൂപ വകയിരുത്തുകയും, ബജറ്റ് വിഹിതത്തിൽ നിന്നും 12 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ കാലാവസ്ഥാ പ്രതികരണ ഭവന രൂപകല്പന പ്രചാരണ പരിപാടികൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതുണ്ട് എന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള കാലാവസ്ഥാ പ്രതികരണ ഭവന രൂപകല്പന എന്ന വിഷയത്തിൽ അവസാന വർഷ എം.ടെക് / എം.ആർക്ക് / പി.എച്ച്.ഡി സിവിൽ / ആർക്കിടെക്ചർ വിദ്യാർത്ഥികളുടെ പൂർത്തീകരിച്ചിട്ടുള്ള മികച്ച 4 പ്രബന്ധങ്ങൾക്ക് / പ്രോജക്റ്റ് റിപ്പോർട്ടുകൾക്ക് 50,000/- രൂപ വീതം ക്യാഷ് അവാർഡ് നല്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം, കാസർകോഡ്, വയനാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുമായി ചേർന്ന് ഭവന സാക്ഷരതാ പ്രചരണ പരിപാടി സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ